(സി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച തീയതിയും പണി പൂർത്തിയാക്കിയ തീയതിയും അപ്രോച്ച് റോഡ് പണി ആരംഭിച്ച തീയതിയും അറിയിക്കാമോ;

(ഡി) ഇതിനായി എത്ര തുക ഇതേവരെ ചെലവ് ചെയ്തു; എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) സമയബന്ധിതമായി റോഡ് പണി പൂർത്തിയാക്കി പാലം ഗതാഗത യോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അപ്രോച്ച് റോഡിന്റെ പണി നടന്നുവരുന്നു. കാലവർഷം അപ്രോച്ച് റോഡിന്റെ പണികൾ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ബി) കടലുണ്ടിയിൽ 0.4425 ഹെക്ടറും വള്ളിക്കുന്നിൽ 0.4798 ഹെക്ടറും സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. തുകയെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ശേഖരിച്ചു നൽകുന്നതാണ്.

(സി) 20-12-1991-ൽ പാലം പണി ആരംഭിച്ച് 25-3-1994-ൽ പൂർത്തിയാക്കി.
10-12-1999-ൽ അപ്രോച്ച് റോഡിന്റെ പണി ആരംഭിച്ചു.

(ഡി) പാലം നിർമ്മാണത്തിന് ഇതേവരെ 20,58,682 രൂപയും റോഡിന്റെ നിർമ്മാണത്തിന് 24,95,837 രൂപയും ചെലവായിട്ടുണ്ട്. 2003-04-ൽ ഈ പണികൾക്കായി തുക വകയിരുത്തിയിട്ടില്ല.

(ഇ) സ്വീകരിക്കുന്നതാണ്.

ഉമ്മത്തൂർ-ആനക്കടവ് പാലം

60 [5039] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഉമ്മത്തൂർ-ആനക്കടവ് പാലം നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് എന്തു തുകയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പാലംപണി ആരംഭിക്കുന്നതിന് ഇപ്പോഴത്തെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉമ്മത്തൂർ-ആനക്കടവ് പാലം എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & സി) ഈ പാലം നിർമ്മാണത്തിനുള്ള കരാറായിട്ടുണ്ട്. കാലവർഷം കഴിഞ്ഞാൽ പണി ആരംഭിക്കും. ഈ പാലത്തിന് 264 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

(ബി) വിവിധ പാലങ്ങളുടെ നിർമ്മാണത്തിനായി 2003-04-ൽ നബാർഡ് അനുവദിച്ചിട്ടുള്ള 24.71 കോടി രൂപയിൽ ഉൾപ്പെടുത്തി ഈ പണികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പണി ആരംഭിച്ച് 24 മാസങ്ങൾക്കുള്ളിൽ പാലംപണി പൂർത്തിയാകാൻ കഴിയുമെന്ന് കരുതുന്നു.

മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

61 [5040] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ച പൊതുമരാമത്ത് പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവയിൽ നബാർഡ് സഹായത്തോടെയോ, മറ്റ് ഏജൻസികളുടെ വായ്പ ഉപയോഗിച്ചോ നടപ്പാക്കുന്ന റോഡുകളും പാലങ്ങളും ഏതെല്ലാം;

(സി) പുതുതായി മരാമത്ത് വകുപ്പ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1. മൂർക്കനാട്ട്-മൈത്ര-വലിയവെണ്ടേക്ക് റോഡിന്റെ പുനരുദ്ധാരണം.

2. മഞ്ചേരി-കീഴ്ചേരി റോഡിന്റെ വികസന പണികൾ.

(ബി) മൂർക്കനാട്ട്-മൈത്ര-വലിയവെണ്ടേക്ക് റോഡിന്റെ പണി നബാർഡ് സഹായത്തോടെയാണ്.

(സി) 1. പയ്യനാട്ട് ബൈപാസ്സ് റോഡ്.
2. ഇടശ്ശേരികടവ് പാലം നിർമ്മാണം.
3. മൈത്രക്കടവ് പാലം.
4. വാഴപ്പാറപ്പടി-പുല്ലഞ്ചേരി-എരഞ്ഞിക്കൽ റോഡ്.
5. തോട്ടുമുക്കം-വെറ്റിലപ്പാറ റോഡ്.
6. തോട്ടുമുക്കം-കിണറിടിപ്പൻ-പീടികപ്പാറ റോഡ്.
7. കാരാപ്പറമ്പ്-പൂക്കുളത്തൂർ-മോങ്ങം റോഡ്.

കെട്ടിടവിഭാഗത്തിൽ മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മഞ്ചേരി.

LIBRARY ARCHIVES Kerala Legislative Assembly